പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

8-11-2016 ൽ മറുപടിക്ക്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6455**

## കെൽട്രോണിലെ സാങ്കേതിക തസ്തികകളിലേക്കുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ. പിണറായി വിജയൻ** (ബഹു. മുഖ്യമന്ത്രി) | |
| (എ) | കെൽട്രോണിൽ 2014-നവംബർ മാസത്തിൽ സാങ്കേതിക തസ്തികകളിലേക്കുള്ള ഒഴിവുകൾ നികത്താനായി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായോ; മേൽപ്പറഞ്ഞ വിജ്ഞാപനത്തിനുവേണ്ടി 2015 നവംബർ മാസത്തിൽ എഴുത്തു പരീക്ഷ നടത്തുകയുണ്ടോയോ;. എന്നാൽ നാളിതുവരെ ഈ പറഞ്ഞ വിജ്ഞാപനത്തിലേക്ക് അഭിമുഖമോ തുടർനടപടികളോ ഉണ്ടായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുടർ നടപടികൾ നടക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (എ) | കെൽട്രോണിൽ 2014-നവംബർ മാസത്തിൽ സാങ്കേതിക തസ്തികകളിലേക്കുള്ള ഒഴിവുകൾ നികത്താനായി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. മേൽപ്പറഞ്ഞ വിജ്ഞാപനത്തിനുവേണ്ടി 2015 നവംബർ മാസത്തിൽ എഴുത്തു പരീക്ഷ നടത്തുകയുണ്ടായി. തുടർന്നുള്ള നടപടികൾ പുരോഗമിക്കുന്നതിനിടയിൽ നിയമസഭ ഇലക്ഷനോടനുബന്ധിച്ചുള്ള പെരുമാറ്റച്ചട്ടം നിലവിൽ വരുകയും ഇലക്ഷൻ കമ്മീഷന്റെ ഉത്തരവ് പ്രകാരം നിയമന നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. ഇപ്പോൾ നിയമനനടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. |
| (ബി) | മേൽപറഞ്ഞ തസ്തികളിലേക്ക് അഭിമുഖം നടത്താൻ എന്തെങ്കിലും തടസ്സം ഉണ്ടോ; | (ബി) | ഇല്ല. |
| (സി) | മേൽപറഞ്ഞ തസ്തികയിലേക്കുള്ള അഭിമുഖ പരീക്ഷയുടെ തീയതി നിശ്ചയിച്ചിട്ടുണ്ടോ; എന്നാൽ എന്നത്തേക്ക് എന്ന് വ്യക്തമാക്കാമോ; | (സി) | തീയതി നിശ്ചയിച്ചിട്ടില്ല. |
| (ഡി) | 2014 നവംബർ മാസത്തിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ മൊത്തം അപേക്ഷകരുടെ എണ്ണം എത്ര; | (ഡി) | 3978 അപേക്ഷകൾ ലഭിച്ചിരുന്നു. |

| | | | |
|---|---|---|---|
| (ഇ) | മേൽപറഞ്ഞ വിജ്ഞാപനത്തിന്റെ തുടർ നടപടിക്ക് ഇനി സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള അനുമതി നൽകാനുണ്ടോ; ഇല്ലെങ്കിൽ ഇതിലേക്ക് ആവശ്യമായ ഉത്തരവ് നൽകി, ഉദ്യോഗാർത്ഥികളെ നിയമാനുസരണം തെരഞ്ഞെടുക്കുമോ;വിവരിക്കുമോ? | (ഇ) | മേൽപറഞ്ഞ വിജ്ഞാപനത്തിന്റെ തുടർ നടപടിക്ക് സർക്കാരിൽ നിന്നും അഭിമുഖ ബോർഡിലേയ്ക്കുള്ള നോമിനേഷൻ നൽകേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ